(ബി) ജനറൽ താരിഫ് റഗുലേഷനും ഭേദഗതികളും ഏതെല്ലാം തീയതികളിലാണ് നിയമസഭയിൽ അവതരിപ്പിച്ചതെന്നും, നിയമസഭ അംഗീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ജനറൽ താരിഫ് റഗുലേഷനും ഭേദഗതികളും പ്രസിദ്ധീകരിച്ച ഗസറ്റ് തീയതികൾ വ്യക്തമാക്കുമോ;

(ഡി) ജനറൽ താരിഫ് റഗുലേഷന്റെയും ഭേദഗതികളുടെയും പകർപ്പുകൾ നൽകുമോ?

ഉത്തരം

(എ) രണ്ടുപ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ട്.

3.12.1984-ലും 26.12.1991-ലും

(ബി) വിശദാംശങ്ങൾ ഉടനെ ലഭ്യമല്ല. ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട് 1948 പ്രകാരം ബോർഡ് ജനറൽ താരിഫ് റഗുലേഷൻ 1966-ലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിന്റെ 15.3.1984 മുതലുള്ള ഭേദഗതി പ്രകാരമാണ് (ആക്ട് 20, 1983, സെക്ഷൻ 2 ഷെഡ്യൂൾ) ബോർഡ് ഇറക്കുന്ന റഗുലേഷൻസ് ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്ന നിബന്ധനയുണ്ടായത്. അതിനാൽ 1966-ലെ ജനറൽ താരിഫ് റഗുലേഷൻ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. 3.12.1984-ലെ ഭേദഗതി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. 26.12.1991-ലെ ഭേദഗതി 27.12.1991-ലെ 1498-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) പകർപ്പുകൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

150 (1694) വൈദ്യുതി നിരക്ക് വർദ്ധന

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1997-ലെ വൈദ്യുതി നിരക്കിന്റെ പത്തു ശതമാനമാണോ അതോ 1.2.1998-ലെ വൈദ്യുതി നിരക്കിന്റെ പത്തു ശതമാനമാണോ 1.2.1999-ൽ കൂട്ടിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

1.2.1998 മുതൽ നടപ്പിൽ വരുത്തിയ വൈദ്യുതി നിരക്കിന്റെ പത്തുശതമാനം കൂടിയാണ് 1.2.1999 മുതൽ നിരക്ക് വർദ്ധിപ്പിച്ചത്.

151 (1695) വൈദ്യുതി ചാർജ്ജ് വർദ്ധന

ശ്രീ. പാലോട് രവി :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly